## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 302 11/11/2019 -ലെ മറുപടിക്ക്**

**അന്തർ സംസ്ഥാന നദിജല കരാറുകൾ**

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. കെ. ബാബു | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം - ആളിയാർ ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദിജല കരാറുകളിൽ സംസ്ഥാന താല്പര്യം സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിനു സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കരാർ പ്രകാരം അർഹതപ്പെട്ട ജലം നേടിയെടുക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനുപരി സർക്കാർതലത്തിലുള്ള സമയോചിതമായ ഇടപെടലുകളും നടത്തുന്നുണ്ട്.<br>1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഇരു സംസ്ഥാനങ്ങളും 29.05.1970 ൽ ഒപ്പിട്ട പി.എ.പി കരാറിന്റെ ഖണ്ഡിക 5(സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തേയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്നും വ്യവസ്ഥയുണ്ട്. 30 വർഷം പൂർത്തിയായ 1988 ൽ തന്നെ കരാർ പുനരവലോകന ചർച്ചകൾ തുടങ്ങിയിരുന്നു. ഇതിനോടകം ഉദ്യോഗസ്ഥ തലത്തിലും, മന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലും നിരവധി പുനരവലോകന ചർച്ചകൾ ഇരുസംസ്ഥാനങ്ങളും തമ്മിൽ നടന്നിട്ടുണ്ടെങ്കിലും അധിക ജലം പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ ധാരണയാവാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെയും യാഥാർത്ഥ്യമായിട്ടില്ല. എന്നാൽ 25/09/2019 ന് ചേർന്ന മുഖ്യമന്ത്രിമാരുടെ യോഗത്തിൽ തമിഴ്നാട് |

പി.എ.പി കരാർ പുനരവലോകനവുമായി സഹകരിക്കാം എന്നു സമ്മതിക്കുകയും ഇതിനായി ഇരു സംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ അഞ്ച് അംഗങ്ങൾ വീതമുള്ള കമ്മിറ്റി രൂപീകരിക്കുവാനും തീരുമാനമുണ്ടായി. കൂടാതെ പി.എ.പി കരാറുമായി ബന്ധപ്പെട്ട് തമിഴ്നാടിന്റെ കരാർ ലംഘനങ്ങൾക്കെതിരെ ബഹു. സുപ്രീം കോടതിയിൽ കേരളം ഫയൽ ചെയ്തിട്ടുള്ള അസ്സൽ അന്യായം O.S. No.2/2013-ൽ, പദ്ധതി പ്രദേശത്ത് തമിഴ്നാട് നടത്തുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്ക് എതിരെ ബഹു.സുപ്രീം കോടതിയിൽ കേരളം IA No.107008/2018, IA No.80167/2018 എന്നീ അപേക്ഷകൾ കൂടി ഫയൽ ചെയ്യുകയുണ്ടായി.

ഇതിനു പുറമെ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച തർക്ക വിഷയങ്ങൾ ബഹു. സുപ്രീം കോടതിയുടെ 07/05/2014 തീയതിയിലെ വിധി പ്രകാരം നിയമിതമായ മൂന്നംഗ സൂപ്പർവൈസറി കമ്മിറ്റിയ്ക്കു മുൻപാകെയും കേന്ദ്ര സർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിനു മുൻപാകെയും കേരളം ഉന്നയിച്ചു വരുന്നു. ഈ വിഷയങ്ങളിൽ തുടർനടപടികൾ എടുക്കുന്നതിനായി തമിഴ്നാടിനോട് യഥാസമയം ആവശ്യപ്പെട്ട് വരുന്നു. മുല്ലപ്പെരിയാർ അണക്കെട്ടിലേയ്ക്കുള്ള വൈദ്യുതി ബന്ധം പുന:സ്ഥാപിക്കാൻ KSEBL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ പാട്ടക്കരാർ പുതുക്കുന്ന നടപടിയും AVIP-യുടെ വിശദമായ പദ്ധതി രേഖയ്ക്ക് (Detailed Project Report (DPR) കേന്ദ്ര സർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള നടപടികളും പുരോഗമിച്ചു വരുന്നു. കേന്ദ്ര ജലശക്തി മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസി (NWDA), വിഭാവനം ചെയ്തിട്ടുള്ളതും, തമിഴ്നാടിനു താല്പര്യമുള്ളതുമായ നദീജല സംയോജന പദ്ധതിയായ പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയോടുള്ള കേരളത്തിന്റെ ശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. മേൽ

| | | |
|---|---|---|
| | | വിഷയങ്ങളെല്ലാം തന്നെ 25/09/2019 തീയതിയിൽ തിരുവനന്തപുരത്തു വച്ച് തമിഴ്നാട് സർക്കാരുമായി നടന്ന മുഖ്യമന്ത്രിതല ചർച്ചയിൽ കേരളം ഉന്നയിച്ചിരുന്നു. |
| (ബി) പറമ്പിക്കുളം- ആളിയാർ കരാർ പുനരവലോകനം ചെയ്യാൻ ഇരുസംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ തമ്മിലുള്ള ചർച്ചയിൽ ധാരണയായതിനെത്തുടർന്ന് സാങ്കേതിക വിദഗ്ദ്ധർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; | (ബി) | കേരളവും തമിഴ്നാടും തമ്മിലുള്ള അന്തർ സംസ്ഥാന നദീജല വിഷയങ്ങൾ സംബന്ധിച്ച് 25/09/2019 ന് തിരുവനന്തപുരത്ത് നടന്ന മുഖ്യമന്ത്രിതല ചർച്ചയുടെ തീരുമാനമനുസരിച്ച് പറമ്പിക്കുളം - ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനായി, രണ്ട് സംസ്ഥാനങ്ങളിലെയും 5 ഉദ്യോഗസ്ഥർ വീതമുള്ള ഒരു പത്തംഗ സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെയും തമിഴ്നാടിന്റെയും അംഗങ്ങളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. (ഇതിൻ പ്രകാരമുള്ള സംയുക്ത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്) |
| (സി) കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന ഡാം സുരക്ഷ അതോറിറ്റി മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ ആശങ്ക പരിഹരിക്കാൻ സഹായകരമാകുമോ എന്ന് അറിയിക്കുമോ? | (സി) | മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന ഡാം സുരക്ഷ അതോറിറ്റി സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ